2

## ചോ:

# "ദൈവം ഉണ്ടെങ്കിൽ, അവൻ എന്തുകൊണ്ട് ഇത്രയും കഷ്ടതകൾ അനുവദിക്കുന്നു?"

## ഉത്തരം:

പെറുവിൽ, ഭൂമികുലുക്കത്താൽ ഇടിഞ്ഞു വീണ മണ്ണിനടിയിൽ പെട്ട്, ആയിരക്കണക്കിന് ആളുകൾ മരിച്ചു. മെക്സിക്കോയിൽ, ഭൂമികുലുക്കത്താൽ ആയിരക്കണക്കിനാളുകൾ മരണപ്പെട്ടിട്ടുണ്ട്. കിഴക്കേ പാകിസ്ഥാനിൽ, ചുഴലിക്കാറ്റും കടൽദുരന്തവും ഒരു ഗ്രാമത്തെ തകർത്തു ആയിരക്കണക്കിനാളുകൾ മരിക്കുവാനിടയാക്കി. വിയറ്റ്നാമിൽ, നിരപരാധികളായ കുട്ടികളും സ്ത്രീകളും യുദ്ധത്തിന്റെ കെടുതിയിൽ മരിക്കുവാനിടയായി. ആസ്ട്രേലിയയിൽ, എട്ട് - വയസ് - പ്രായമുള്ള വിക്കി അപ്രത്യക്ഷയായി, ഒരു വർഷത്തിനുശേഷം അവളുടെ ചീഞ്ഞളിഞ്ഞ ശരീരാവശിഷ്ടങ്ങൾ കണ്ടെടുത്തു; അവൾ മാനഭംഗത്തിനിരയായി കൊല്ലപ്പെട്ടു, അവൾ മറ്റൊരു മനുഷ്യന്റെ മനുഷ്യത്വരഹിതമായ മോഹത്തിന് അർപ്പിക്കപ്പെട്ടു.

ദൈവമുണ്ടെങ്കിൽ, അവൻ എന്തുകൊണ്ട് ലോകത്തിൽ ഇത്രയും കഷ്ടതകൾ അനുവദിക്കുന്നു? ചിന്താശേഷിയുള്ള ആളുകൾ ഒരു കുട്ടിയുടെ കഷ്ടതയും, യുദ്ധത്തിലെ ഭീകരതയും, കണ്ടു തീർച്ചപ്പെടുത്തും: "തീർച്ചയായും ദൈവമില്ല. ഉണ്ടായിരുന്നുവെങ്കിൽ, അവൻ ഇത്തരം കഷ്ടങ്ങൾ വരുത്തുമായിരുന്നില്ല."

ബൈബിൾ ഈ ചോദ്യത്തെ കൈകാര്യം ചെയ്യുന്നു. ഇയ്യോബിന്റെ പുസ്തകം ഒരു ചോദ്യം ചോദിക്കുന്നു: "നീതിമാന്മാർ എന്തുകൊണ്ട് കഷ്ടമേൽക്കുന്നു?" സങ്കീർത്തനം 73-ൽ സങ്കീർത്തനക്കാരൻ ദുഷ്ടന്റെ സമൃദ്ധി കണ്ടുകൊണ്ട് നീതിയോടു ജീവിക്കുന്നതിൽ പ്രയോജനമില്ല എന്നു കാണുന്നു (വാ. 3, 12, 13). "ദുഷ്ടൻ തന്നിലും നീതിമാനായവനെ വിഴുങ്ങുമ്പോൾ" ദൈവം മിണ്ടാതിരിക്കുന്നത് എന്ത് എന്നു ഹബക്കൂക്ക് ചോദിക്കുന്നു. (ഹബക്കൂക്ക് 1:13). അല്ലെങ്കിൽ, ആരോ പറഞ്ഞതുപോലെ, "ദുഷ്ടത പെരുകുമ്പോൾ ദൈവം മിണ്ടാതിരിക്കുന്നത് എന്തുകൊണ്ട്?"

പുതിയ നിയമത്തിൽ, പിറവിയിലെ കുരുടനായ ഒരു മനുഷ്യനെ കുറിച്ചു യേശുവിനോടു ചോദിക്കയുണ്ടായി: "റബീ, ഇവൻ കുരുടനായി പിറക്കത്തക്കവണ്ണം, ആർ പാപം ചെയ്തു, ഇവനോ ഇവന്റെ അമ്മയപ്പന്മാരോ?" (യോഹന്നാൻ 9:2). നിർഭാഗ്യം നേരിടുമ്പോൾ നാം പലപ്പോഴും ചോദിക്കും, "ആരാണ് പാപം ചെയ്തത്?"

എന്താണ് ഉത്തരം? ഒരാൾ പിറവിയിലേ കുരുടനായി ജനിക്കുന്നത് എന്തുകൊണ്ട്? കൂടുതൽ നീതിയുള്ള ദേശത്തെ ഒരു ദുഷ്ടദേശം മറിച്ചിടുവാൻ ദൈവം എന്തുകൊണ്ട് അനുവദിക്കുന്നു? എന്തുകൊണ്ട് ദുഷ്ടൻ സമൃദ്ധി പ്രാപിക്കുന്നു? നീതിമാൻ കഷ്ടപ്പെടുന്നത് എന്തുകൊണ്ട്?

എല്ലാ ഉത്തരങ്ങളും നമുക്കറിയില്ല. അവസാനം വിശ്വാസത്താലും

അവന്റെ വഴികൾ കണ്ടെത്തുന്നതിനാലും നാം ദൈവേഷ്ടം അംഗീകരിക്കണം.

നമുക്കെല്ലാ ഉത്തരങ്ങളും അറിയില്ലെങ്കിലും, നമ്മുടെ വിശ്വാസത്തെ ബലപ്പെടുത്തുന്ന ചില ഉത്തരങ്ങളുണ്ട്.

## നിരപരാധി എന്തുകൊണ്ട് കഷ്ടപ്പെടുന്നു?

എന്തുകൊണ്ട് നിരപരാധി കഷ്ടപ്പെടുന്നു എന്നു മനസ്സിലാക്കുന്നതാണ് വാസ്തവത്തിലുള്ള പ്രശ്നം. ദുഷ്ടന്മാർ കഷ്ടതയേൽക്കുമ്പോൾ നാം പരാതിപ്പെടാറില്ല. ആരും ഇതുവരെ ഇങ്ങനെ ചോദിച്ചതായി ഞാൻ കേട്ടിട്ടില്ല: "ദൈവമുണ്ടെങ്കിൽ, എന്തുകൊണ്ട് ഹിറ്റ്ലറെ കഷ്ടതയേൽക്കാൻ അനുവദിച്ചു?"

നിരപരാധിയുടെ കഷ്ടത എന്ന പ്രശ്നം വേറെയാണ്. നീതിയും അനീതിയും നോക്കി നാം ചിന്തിക്കുമ്പോൾ, നിരപരാധി ശിക്ഷിക്കപ്പെടുന്നത് അനീതിയാണെന്നു നമുക്കു തോന്നുന്നു. നീതിമാൻ എന്തുകൊണ്ട് കഷ്ടത ഏൽക്കുന്നു? അതിൽ പല ഘടകങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.

*ഒന്ന്, ചില വില കഷ്ടതയിൽ ഉള്ളതുകൊണ്ട് ആയിരിക്കാം നിരപരാധി കഷ്ടത ഏൽക്കുന്നത്.* സങ്കീർത്തനകാരൻ എഴുതി, "നിന്റെ ചട്ടങ്ങൾ പഠിപ്പാൻ തക്കവണ്ണം, ഞാൻ കഷ്ടതയിൽ ആയിരുന്നത് എനിക്കു ഗുണമായി" (സങ്കീർത്തനങ്ങൾ 119:71; ഒ.വാ. എബ്രായർ 12:11). ആരോഗ്യത്തെക്കാൾ രോഗവും സുഖത്തെക്കാൾ വേദനയും ചിലപ്പോൾ നമുക്കു ഗുണമായേക്കാം. കഷ്ടതക്കു നമ്മുടെ സ്വഭാവത്തെ വളർത്തുവാനും, സഹതാപം വർദ്ധിപ്പിക്കുവാനും, ഭൗതികത കുറയ്ക്കുവാനും, ദൈവത്തോടു നമ്മെ അടുപ്പിക്കുവാനും സാധിക്കും. അംഗവൈകല്യം *ഉണ്ടായിട്ടും* ചിലർ വലിയ കാര്യങ്ങൾ ചെയ്തതായി നാം കേട്ടിട്ടുണ്ട്. ഒരുപക്ഷെ അവരുടെ അംഗവൈകല്യം *കാരണം* അവർ കൈവരിച്ച ആ വലിയ നേട്ടങ്ങളെ കുറിച്ചു നാം ചിന്തിക്കേണ്ടതുണ്ട്. ഹെലൻ കെല്ലർ ഈ നൂറ്റാണ്ടിൽ വളരെ പ്രചോദനപാത്രമായി തീർന്നത് അവൻ അന്ധനും കേൾവി ഇല്ലാത്തവൻ *ആയിരുന്നിട്ടും* അല്ല, അവരുടെ അംഗവൈകല്യം *കാരണം* ആയിരിക്കാം. കഷ്ടത നല്ല സ്വഭാവത്തിലേക്കുള്ള ഒരു ചവിട്ടുപടിയായി കണക്കാക്കാം.

*രണ്ട്, അവർ കഷ്ടപ്പെടുന്നത് പാപത്തിന്റെ ഫലം കൊണ്ടായിരിക്കാം.* പാപം നിമിത്തമാണ് കഷ്ടത ലോകത്തിലേക്കു വന്നത്, പാപം നിമിത്തം കഷ്ടത മനുഷ്യനെ ഒരു ബാധ പോലെ പിൻതുടരുന്നു. ഇയ്യോബ് 4:8-ൽ, എലിഫാസ് ഒരു പൊതു സത്യം, "ഞാൻ കണ്ടയിടത്തോളം, അന്യായം ഉഴുതു കഷ്ടത വിതെക്കുന്നവർ അതു തന്നെ കൊയ്യും" എന്നു പറഞ്ഞപ്പോൾ പ്രസ്താവിച്ചു. പുതിയ നിയമം അതിനോടു യോജിക്കുന്നു: "വഞ്ചനപ്പെടാതിരിപ്പിൻ, ദൈവത്തെ പരിഹസിച്ചുകൂടാ: മനുഷ്യൻ വിതെക്കുന്നതുതന്നേ, കൊയ്യും" (ഗലാത്യർ 6:7). ദുഷ്ടൻ കഷ്ടപ്പെടുന്നു, ഈ ജീവിതത്തിൽ അല്ലെങ്കിൽ, അടുത്തതിൽ, കാരണം അവന്റെ പാപമാണ് (റോമർ 6:23).

കുറ്റക്കാരോടൊപ്പം നിരപരാധികളും കഷ്ടത ഏൽക്കുന്നു എന്നതാണ് പാപത്തിന്റെ വിപത്ത്! ആവർത്തനപുസ്തകം 5:9-ൽ പാപത്തിന്റെ തുടർഫലത്തെ കുറിച്ചു ദൈവം സംസാരിച്ചപ്പോൾ അവരുടെ അകൃത്യം അവരുടെ മക്കളുടെ മേലും അവരുടെ മക്കളുടെ മേൽ നാലു തലമുറ വരെ സന്ദർശിക്കും എന്നു പറഞ്ഞിരിക്കുന്നു. ഈ ഉദാഹരണങ്ങൾ പരിഗണിക്കുക:

ഒന്ന്, ഒരു പിതാവ് മദ്യപാനി ആയി തീരുകയും അവന്റെ മക്കൾ കോപത്തിനും നിരാശക്കും ഇടയായി തീരുകയും ചെയ്തു. അവന്റെ പാപം നിമിത്തം എത്ര തലമുറകൾ കഷ്ടത ഏൽക്കേണ്ടി വരുന്നു? രോഗം, ദാരിദ്ര്യം, അകാല മരണം, മാനസിക രോഗം എന്നിവ അവന്റെ മക്കളെയും മക്കളുടെ മക്കളെയും ബാധിക്കുന്നു. രണ്ട്, ടെക്സാസിലെ, അബിലീനിൽ, ഒരു കൗമാരക്കാരൻ വാഹനമോടിച്ച് ഫ്രാൻസിൽ മിഷ്ണറിയായ സേവിച്ചിരുന്ന ഒരു സുന്ദരിയായ യുവതിയെ അടക്കം, മൂന്നുപേരെ കൊല്ലുകയുണ്ടായി. അവൻ, മദ്യപിച്ച് കൊണ്ടു, വേഗത്തിൽ വാഹനം ഓടിക്കുകയായിരുന്നു, അവന് ഒരു ലൈസൻസു പോലും ഉണ്ടായിരുന്നുമില്ല. എന്തുകൊണ്ട് ആ നിരപരാധിയായ ആളുകൾ കഷ്ടത ഏറ്റു? ആ കുട്ടിയുടെ പാപം നിമിത്തമാണ്! മൂന്ന്, യുദ്ധത്തിൽ, കുറ്റവാളികളോടൊപ്പം നിരപരാധികളും മരിക്കും.

പാപം കാരണം കഷ്ടതയുണ്ടാകുന്നു - കുറ്റവാളിയുടെ കഷ്ടതയായാലും നിരപരാധിയുടെ കഷ്ടതയായാലും അതു ഒരുപോലെയാണ്.

*മൂന്നാമത്, മനുഷ്യന്റെ വീഴ്ച്ചയും അപരാധവും കാരണം നിരപരാധികൾ കഷ്ടത ഏൽക്കേണ്ടിവന്നേക്കാം.* പാപം എല്ലായ്പ്പോഴും കഷ്ടത വരുത്തുന്നു, എന്നാൽ എല്ലാ കഷ്ടതയും പാപത്തിന്റെ ഫലമായി ഉണ്ടാകുന്നതല്ല. കുരുടനായ മനുഷ്യനെ കുറിച്ച് ചോദിച്ചപ്പോൾ യേശു പറഞ്ഞ മറുപടിയിൽ അതു വ്യക്തമാക്കുന്നു: “ഇവനോ, ഇവന്റെ അമ്മയപ്പന്മാരോ പാപം ചെയ്തിട്ടല്ല; എന്നാൽ ദൈവപ്രവൃത്തി അവങ്കൽ വെളിവാകേണ്ടതിനത്രെ” (യോഹന്നാൻ 9:3). യെഹൂദന്മാർക്ക് എല്ലാ കഷ്ടതയും പാപത്തിന്റെ ഫലമായി ഉണ്ടാകുന്നതാണ് എന്ന തെറ്റായ ധാരണ ഉണ്ടായിരുന്നു, എന്നാൽ യേശു അതു തിരുത്തി.

ചില കഷ്ടതകൾ മനുഷ്യന്റെ തെറ്റായ തീരുമാനത്തിന്റെ ഫലമായി ഉണ്ടാകുന്നതാണ്. ഒരാൾ എത്രത്തോളം തനിക്കു നീന്താൻ കഴിയുമെന്നതിനെ തെറ്റായി കാണുന്നു അതിന്റെ ഫലമായി മുങ്ങിപോകുന്നു. പാപം അതിൽ ഉൾപ്പെട്ടിട്ടില്ല - മനുഷ്യന്റെ തെറ്റാണ് ആ മാനുഷിക കഷ്ടതക്ക് കാരണം. ആസ്ട്രേലിയയിൽ ഒരു ട്രെയിൻ അപകടത്തിൽ ഒൻപത് ആളുകൾ മരിച്ചു. “മാനുഷിക തെറ്റ്” ആയിരുന്നു അപകട കാരണമായി പറഞ്ഞത്. മനുഷ്യന്റെ തെറ്റ് അപകടം ഉണ്ടാക്കുകയും, അതിന്റെ ഫലമായി നിരപരാധികൾ കഷ്ടത ഏൽക്കുകയും ചെയ്തു.

അപൂർണ്ണരായ അപകടകരമായ, മനുഷ്യരുള്ള ലോകത്തിൽ നാം ജീവിക്കുന്നിടത്തോളം കാലം, കുറ്റമുള്ളവരെയും നിരപരാധികളെയും വേദനിപ്പിക്കുന്ന തെറ്റുകൾ നമുക്കു പ്രതീക്ഷിക്കാം.

*നാലാമത്, പ്രകൃതി നിയമങ്ങളെ എതിരിടുന്നതുകൊണ്ട് നിരപരാധികൾ കഷ്ടത ഏൽക്കേണ്ടിവന്നേക്കാം.* വാസ്തവത്തിൽ, നാം പ്രകൃതി നിയമത്തെ ലംഘിക്കുന്നില്ല; നാം അവ അനുസരിക്കാതിരിക്കുമ്പോൾ, അവ നമ്മെ ലംഘിക്കുകയാണ്! ആകർഷണ നിയമത്തെ ലംഘിച്ചാൽ, നിങ്ങൾ നുറുങ്ങപ്പെടും!

എന്നാൽ എന്തുകൊണ്ട് നിരപരാധികൾ - ഭൂമികുലുക്കത്തിലും ചുഴലിക്കാറ്റിലും അകപ്പെട്ടു വേദന ഏൽക്കുന്നവരെ അല്ലെങ്കിൽ കൊല്ലപ്പെടുന്നവരെ പോലെ - അവർ പ്രകൃതി നിയമങ്ങളിൽ ഏതെങ്കിലും സ്പഷ്ടമായും, ലംഘിച്ചിട്ടില്ലെങ്കിൽ, കഷ്ടപ്പെടുന്നു?

പ്രപഞ്ചത്തെ ഒരു വലിയ യന്ത്രമായി കരുതുക. അതിന്റെ ചക്രങ്ങളും പല്ലുകളും ഇടതടവില്ലാതെ ചലിക്കുന്നു. നിയന്ത്രിതമായ പൊട്ടിത്തെറികളും,

വേഗത്തിൽ പമ്പുചെയ്യുന്ന പിസ്റ്റണുകളും, തണുപ്പിക്കുകയും ചൂടാക്കുകയും ചെയ്യുന്ന വ്യവസ്ഥയും അതിനുണ്ട്. അവിശ്വസനീയമായ ശക്തി അതിൽ നിന്നു പുറപ്പെടുന്നു, വിതരണം ചെയ്യപ്പെടുന്നു, ഉപയോഗിക്കുകയും, വേർതിരിക്കയും ചെയ്യുന്നു. അവയെല്ലാം നിയമാനുസൃതം നടക്കുന്നു, ചിലത് നമുക്കറിയാം മറ്റു ചിലത് നമുക്കറിയില്ല.

ഇവിടെ നാം, നടക്കുന്നതു, ചുറ്റുമല്ല, മുകളിലുമല്ല, എന്നാൽ ആ മിഷ്യനിൽ *കൂടെ*യാണ്! ചില നിയമങ്ങളും, ചില നിയമാവലികളും, ഏതാനും വിഷമങ്ങളും നമുക്കറിയാം, അതുകൊണ്ട് പിസ്റ്റൺ തിരിക്കുന്നതു അല്ലെങ്കിൽ ഗിയർ മാറ്റുന്നതു നമുക്കു ഒഴിവാക്കാം. *എന്നാൽ നമുക്ക് അവയെല്ലാം അറിയില്ല, അതുകൊണ്ട് എല്ലാ പ്രയാസങ്ങളും ഒഴിവാക്കുവാനും കഴിയുകയില്ല!* ക്രമേണ, നാം ആ കറങ്ങുന്ന ചക്രങ്ങളിലേക്ക് കാലെടുത്തുവയ്ക്കുകയോ അറിയാതെ അവയുടെ പല്ലുകളിൽ പതിക്കുകയോ ആ പൊട്ടിത്തെറികളിൽ നാം അകപ്പെടുകയോ ചെയ്യും. അതു സംഭവിക്കുമ്പോൾ, നാം ചെയ്ത തെറ്റ് എന്താണ്? *ഒന്നുമില്ല - പ്രപഞ്ചത്തിന്റെ പ്രവർത്തന വഴിയിൽ നാം കയറി എന്നു മാത്രം!*

ആ "തെറ്റ്" മാത്രമാണ് ഭൂമികുലുക്കത്തിൽ പെട്ടവർ ചെയ്തത്. വലിയ അന്തർഭാഗ സമ്മർദ്ദം ഭൂമിയെ കുലുക്കുന്നു, പ്രകൃതിയുടെ ശക്തമായ പ്രവർത്തന മാർഗത്തിൽ അവർ വന്നുപെട്ടു എന്നതു കൊണ്ടു മാത്രം അവർ മരിക്കുന്നു.

ആ സമയത്ത് ആർക്കെങ്കിലും ഇങ്ങനെ പറയുവാൻ അവകാശമുണ്ടോ, "ലോകമേ നില്ക്ക്. ഞാൻ ഒന്നു മാറട്ടെ"? നാം സുരക്ഷിതരാകുന്നതുവരെ നമുക്ക് കൊടുങ്കാറ്റിനെ തടഞ്ഞുനിർത്തുവാൻ കഴിയുമോ? നാം ആ മാർഗത്തിലുണ്ടായാലും ഇല്ലെങ്കിലും, പ്രകൃതിയുടെ നിയമങ്ങൾ തുടർച്ചയായി പ്രവർത്തിച്ചുകൊണ്ടേയിരിക്കും. തൽഫലമായി, മനുഷ്യർ, നിരപരാധികളടക്കം, തുടർന്നും കഷ്ടതയേല്ക്കും.

## ദൈവം എന്തുകൊണ്ടു ഇടപെടുന്നില്ല?

ഇപ്പോൾ പറഞ്ഞതിനോടു ചിലർ വിയോജിച്ചേക്കാം. നിരപരാധികൾ കഷ്ടപ്പെടും, അതു പറഞ്ഞ കാരണങ്ങൾ കൊണ്ടാണ്. എന്നാൽ അപ്പോൾ ചോദ്യം വന്നേക്കാം: "ദൈവം ഉണ്ടെങ്കിൽ, അവൻ എന്തുകൊണ്ടു ഈ കഷ്ടത തടയുന്നില്ല?" അവൻ എന്തുകൊണ്ടു നിരപരാധികളെ ഉപദ്രവിക്കുന്നതിൽ നിന്നു ദുഷ്ടന്മാരെ തടയുന്നില്ല? നല്ല ആളുകൾ തെറ്റു ചെയ്യുന്നതിൽ നിന്നും തടയുവാനും മറ്റുള്ളവരുടെ തെറ്റുനിമിത്തം നിരപരാധികൾ ഉപദ്രവിക്കപ്പെടുന്നതിൽ നിന്നും തടയുവാനും അവനു എന്തുകൊണ്ടു കഴിയുന്നില്ല? പ്രകൃതിയുടെ മർദ്ദനത്താൽ നിരപരാധികൾ ഉപദ്രവിക്കപ്പെടാതിരിക്കുവാൻ അവൻ എന്തുകൊണ്ടു പ്രകൃതിയെ നിയന്ത്രിക്കുവാൻ കഴിയുന്നില്ല? സാധ്യതയുള്ള രണ്ടു ഉത്തരങ്ങൾ ചിന്തിക്കുക.

*മനുഷ്യസ്വഭാവത്തെ അവൻ മാനിക്കേണ്ടതുകൊണ്ടു ദൈവം ഇടപെടുന്നില്ല.* മനുഷ്യനു ധാർമ്മികസ്വാതന്ത്ര്യമുണ്ട്. അവന്റെ പ്രവൃത്തികൾ അവന്റേതാണ്; അവന്റെ തിരഞ്ഞെടുപ്പു മുൻനിർണ്ണയിക്കപ്പെട്ടതല്ല. തെറ്റായ തിരഞ്ഞെടുപ്പു നടത്തുവാനും, തന്നെത്താൻ വ്രണപ്പെടുത്തുവാനും, മറ്റുള്ളവരെ വ്രണപ്പെടുത്തുവാനും മനുഷ്യനു സ്വാതന്ത്ര്യമുണ്ട്. മുഴുവൻ മനുഷ്യനായിതീരുവാൻ ദൈവം അവനെ അനുവദിക്കുന്നു എങ്കിൽ, അവൻ

മനുഷ്യനു ആ സ്വാതന്ത്ര്യം അനുവദിക്കണം.

*മനുഷ്യന്റെ മാത്രം നന്മക്കാണ്* ദൈവം അവനു ആ സ്വാതന്ത്ര്യം നല്കിയിരിക്കുന്നത്. ഒരു റോബോട്ട്, എന്നപോലെ പാവയായി ജീവിക്കുവാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടോ? *മറ്റുള്ളവരുടെ നന്മക്കാണ്* അവൻ ആ സ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്നത്. നമുക്ക് സ്വാതന്ത്ര്യമുണ്ടെന്നു പറഞ്ഞാൽ യാഗമാകുന്നതിനും, സ്നേഹിക്കുന്നതിനും, മറ്റുള്ളവരെ സേവിക്കുന്നതിനുമാണ് എന്നാണർത്ഥമാക്കുന്നത്. അവൻ ഈ സ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്നതു *ദൈവത്തെ മഹത്വപ്പെടുത്തുവാൻ* കൂടെയാണ്. ദൈവത്തെ മഹത്വപ്പെടുത്തുവാനാണ് അവൻ മനുഷ്യനെ നിർമ്മിച്ചത്, എന്നാൽ മനുഷ്യനു മറ്റുമാർഗ്ഗമില്ലെങ്കിൽ തന്റെ സൃഷ്ടികർത്താവിനെ സേവിക്കുന്നതിൽ മഹത്വമില്ല.

*പ്രപഞ്ചസ്വഭാവത്തെ ദൈവം മാനിക്കുന്നതുകൊണ്ട് അവൻ ഇടപെടുന്നില്ല.* നന്മ ചെയ്യുന്നവരുടെമേലും തിന്മ ചെയ്യുന്നവരുടെമേലും ദൈവം മഴ പെയ്യിക്കുന്നു (മത്തായി 5:45). അതുകൊണ്ടു, ദുഷ്ടനും നീതിമാനും ഒരുപോലെ പ്രകൃതി പ്രയോജനപ്പെടുത്തുന്നു, പ്രകൃതിയുടെ മർദ്ദം ദുഷ്ടനും നീതിമാനും ഒരുപോലെ അനുഭവിക്കുന്നു.

രണ്ടുകൂട്ടരെയും അനുഗ്രഹിക്കുവാനും ശപിക്കുവാനും ദൈവം പ്രകൃതിയെ അനുവദിക്കുന്നതു എന്തുകൊണ്ട്? ഒന്ന്, നാം ജീവിക്കുന്നതു നിയമങ്ങളുള്ള ഒരു പ്രപഞ്ചത്തിലാണ്. ദൈവം നീതിമാന്മാരുടെ രക്ഷക്കായി, ഏകപക്ഷീയമായി പ്രകൃതിനിയമത്തെ മാറ്റിയാൽ, കുഴപ്പം ഉണ്ടാകും. അപ്പോൾ നിയമത്താൽ ഭരിക്കുന്ന ഒരു പ്രപഞ്ചമായിരിക്കയില്ല, എന്നാൽ ആശയത്താൽ വാഴുന്ന ഒരു പ്രകൃതിയായിരിക്കും, നമുക്കുണ്ടാവുക. നിങ്ങൾക്ക് അതു ഇഷ്ടമാകുമോ?

രണ്ട്, ദൈവം രണ്ടുകൂട്ടരെയും അനുഗ്രഹിക്കുവാനും ശപിക്കുവാനും പ്രകൃതിയെ അനുവദിക്കുവാൻ കാരണം കുറച്ചു പേരുടെ വേദന ഒഴിവാക്കിയാൽ അതു അനേകരുടെ വേദനയ്ക്കിടയാക്കും. ജലപ്രളയം കുറെ പേർക്കു നഷ്ടമുണ്ടാക്കുമ്പോൾ അനേകം പേരുടെ ആഹാരത്തിനുവേണ്ട കൃഷിക്കു ജലലഭ്യത വരുത്തുകയാണ്. ദൈവം ജലപ്രളയത്തിൽ നിന്ന് കുറെ പേരെ രക്ഷിക്കുമ്പോൾ, വരൾച്ച മൂലമുണ്ടാകുന്ന ക്ഷാമത്താൽ അനവധി പേർ മരിക്കുവാനും അവൻ ഇടയാക്കുന്നു.

മൂന്നാമത്, രണ്ടുകൂട്ടരെയും ഒരുപോലെ അനുഗ്രഹിക്കുവാനും ശപിക്കുവാനും ദൈവം അനുവദിക്കുന്നതിന്റെ കാരണം നീതിമാന്മാരെ മാത്രം അനുഗ്രഹിക്കുന്നതു ഒരുപരിധിവരെ ആളുകൾ തെറ്റായ ഉദ്ദേശത്താൽ അവനെ സേവിക്കുവാൻ ഇടയാക്കുന്നതുകൊണ്ടാണ്. ദുഷ്ടന്മാർ മാത്രം എല്ലായ്പോഴും കഷ്ടപ്പെടുകയും, നീതിമാന്മാർ എപ്പോഴും സമൃദ്ധി പ്രാപിക്കയും ചെയ്താൽ, ആർ കർത്താവിനെ സേവിക്കും? ഒരുപക്ഷെ എല്ലാവർക്കും സാധിക്കും! എന്നാൽ എന്തുകൊണ്ട്? "അപ്പത്തിനും മീനിനും" വേണ്ടി മാത്രം. ശരിയായ ഉദ്ദേശത്തോടുകൂടി ആളുകൾ ദൈവത്തെ സേവിപ്പാനും അവനെ മഹത്വപ്പെടുത്തുവാനും അവൻ ആഗ്രഹിക്കുന്നു.

അവൻ സൃഷ്ടിച്ച പ്രപഞ്ചത്തിന്റെ സ്വഭാവത്തെയും ദൈവം ആദരിക്കണം - നിരപരാധികളെ സംരക്ഷിക്കുവാനായി മറികടക്കാത്ത അവനുണ്ടാക്കിയ നിയമങ്ങളാൽ നിയന്ത്രിതമായ ഒരു പ്രപഞ്ചം.

അത്തരം പ്രപഞ്ചത്തെ ദൈവം എന്തിനാണ് സൃഷ്ടിച്ചത്? യാതൊരു വിധ പ്രകൃതി വിപത്തുകളും ഉണ്ടാകാത്ത വിധത്തിൽ ദൈവത്തിന്

ലോകത്തെ സൃഷ്ടിച്ചുകൂടായിരുന്നില്ലേ? ആ ചോദ്യത്തിന് പല ഉത്തരങ്ങൾ ഉണ്ട്, എന്നാൽ ഒന്ന് ഇതാണ്: "ഒരു പ്രപഞ്ചം എങ്ങനെ സൃഷ്ടിക്കണമെന്ന് നിങ്ങൾക്ക് അറിയാമെങ്കിൽ, എന്തുകൊണ്ട് നിങ്ങൾക്കു തന്നെ ഒന്ന് ഉണ്ടാക്കിക്കൂടാ?" ദൈവത്തിനു ചെയ്യുവാൻ കഴിയുന്നത് നാം ചെയ്യുന്നതുവരെയും, ദൈവത്തിന് അറിയാവുന്നത് നമുക്കറിയുവാൻ കഴിയുന്നതുവരെയും, ദൈവം ചെയ്തതിനെ നാം വിമർശിക്കരുത്.

"എന്തുകൊണ്ട് ദൈവം ഇടപെടുന്നില്ല?" എന്ന ചോദ്യത്തിനുള്ള, മറ്റൊരുത്തരം ഇതാണ്: *ദൈവം ഇടപെട്ടിട്ടുണ്ട്, ഇടപെടുകയും ചെയ്യുന്നുണ്ട്!*

അന്യോന്യം സ്നേഹിക്കുവാനായി നമ്മെ പഠിപ്പിക്കേണ്ടതിന് തന്റെ പുത്രനെ അയച്ചുകൊണ്ടു ദൈവം ഇട*പെട്ടു.* ദൈവം ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കുന്നവരുടെ വേദന അകറ്റുന്നതിലൂടെ മനുഷ്യവർഗ്ഗത്തിന്റെ മുറിവുണങ്ങുവാൻ സഹായിക്കുന്നു. തന്റെ മക്കളുടെ പ്രാർത്ഥന കൊണ്ട് ദൈവം *ഇടപെടുന്നു.* ഹിസ്കീയാവിനെ കുറിച്ചു ഓർക്കുക, അവൻ മരിക്കുമെന്ന് അറിഞ്ഞപ്പോൾ, ദൈവത്തോടു പ്രാർത്ഥിക്കുകയും, ദൈവം അവന്റെ ആയുസ്സ് പതിനഞ്ചുവർഷം നീട്ടികൊടുക്കയും ചെയ്തു (2 രാജാക്കന്മാർ 20:1-6). നാം പ്രാർത്ഥിക്കുമ്പോൾ, ദൈവം പുതിയ നിയമ കാലയളവിൽ ചെയ്തതുപോലെ, അത്ഭുതങ്ങളോടെ ഇന്നു പ്രതികരിക്കുന്നില്ല. എന്നാൽ തന്നോടു പ്രാർത്ഥിക്കുന്നവരെ അവൻ സഹായിക്കുന്നു. നിത്യതക്കുമാത്രം വെളിപ്പെടുത്തുവാൻ കഴിയുന്ന വിധത്തിൽ എത്രയോ പ്രാവശ്യം അവൻ നമ്മുടെ പ്രാർത്ഥനക്കു മറുപടി നൽകിയിട്ടുണ്ട്. പ്രപഞ്ചത്തെ സ്വയമായി പ്രവർത്തിക്കുവാൻ ദൈവം വിട്ടിട്ടില്ല. അതിനെ ഇപ്പോഴും ക്രിസ്തു വഹിക്കുകയാണ്. ദൈവം ഇപ്പോഴും പ്രാർത്ഥനക്കു മറുപടി നൽകുന്നു!

എല്ലാ പ്രാർത്ഥനക്കും ദൈവം മറുപടി നൽകാതിരിക്കുന്നതെന്തുകൊണ്ട്? കാരണം എല്ലായ്പ്പോഴും അത് *അവന്റെ* ഇഷ്ടപ്രകാരമല്ല. ചിലപ്പോൾ അവന്റെ ഉദ്ദേശങ്ങൾക്ക് അവന്റെ പ്രിയപ്പെട്ടവർ സുഖമാ*കാതിരിക്കുന്നത്* നല്ലതിനാകാം. അതുകൊണ്ട്, യേശു ചെയ്തതുപോലെ, "എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നടക്കട്ടെ," എന്നു നാം പ്രാർത്ഥിക്കുകയും, ദൈവത്തിന്റെ ഉദ്ദേശം പൂർത്തിയാക്കുവാൻ അവൻ തീർച്ചയായും നല്ലതു പ്രവർത്തിക്കുമെന്നു വിശ്വസിക്കുകയും വേണം.

എന്നാൽ മൂന്നാമതു ഒരു ചോദ്യം നിങ്ങളുടെ ചുണ്ടുകളിലേക്കു വരുന്നു: ഇത്രയധികം കഷ്ടതകൾ നമുക്കുചുറ്റും അനുഭവപ്പെടുമ്പോൾ, ചിലപ്പോൾ ദൈവം അത് ശ്രദ്ധിക്കാതിരിക്കുകയാണെന്നു തോന്നുന്നതുകൊണ്ടു, നാം ചോദിക്കും ...

**നാം എന്തിനു ദൈവത്തിൽ വിശ്വസിക്കണം?**

നാം ദൈവത്തിൽ വിശ്വസിക്കുന്നത് *മറ്റൊരു മാർഗ്ഗം ഇല്ലാത്തതുകൊണ്ടാണ്!*

*ലോകത്തിലെ കഷ്ടതകൾക്കെല്ലാം തൃപ്തികരമായ വിശദീകരണം ദൈവത്തെ കൂടാതെ അസാധ്യമാണ്.* പ്രകൃതിയുടെ അദൃശ്യമായ ശക്തിയുടെ ഫലമായും, വന്യനിയമത്തിന്റെ ഫലമായും, അർത്ഥശൂന്യമായ പലതും പ്രതീക്ഷിക്കാവുന്ന ഒന്നു നിലനില്ക്കുന്നതിന്റെ ഫലമായും ആണ് കഷ്ടത എന്നു നിരീശ്വരവാദികൾ വിശ്വസിക്കുന്നു. എന്നാൽ ഈ വിശദീകരണം

തൃപ്തികരമല്ല! ദൈവം എന്ന ആശയത്തെ തള്ളിക്കളഞ്ഞവർ പോലും, അർത്ഥവത്തായ ഉത്തരങ്ങൾ പ്രതീക്ഷിക്കുന്നു.

*അതിനുപുറമെ, ലോകത്തിലെ എല്ലാ അനുഗ്രഹങ്ങൾക്കും ദൈവത്തെ കൂടാതെ തൃപ്തികരമായ വിശദീകരണം ഇല്ല.* സിഡ്നി ഹാരിസ് ഈ വിധത്തിൽ പറഞ്ഞു:

> ഉദ്ദേശമുള്ള ദൈവത്തിന്റെ ആശയത്തെ എതിർക്കുന്നവർക്കുള്ള ശരിയായ വാദം ലോകത്തിലുള്ള എല്ലാ ദുഷ്ടതയെയും ചൂണ്ടിക്കാണിക്കുക എന്നതാണ്. "എങ്ങനെ ധർമ്മോപകാരിയായ ദൈവത്തിന്," അവർ ചോദിക്കുന്നു, "ഇത്രയും ദുഃഖം ലോകത്തിൽ അനുവദിക്കുവാൻ കഴിയുന്നു?"
>
> "നന്മയുടെ പ്രശ്നം" എന്നു ഞാൻ വിളിക്കുന്നത് ഉപയോഗിച്ചുഅവരെ നേരിട്ടു കൊണ്ടു അകവും പുറവും തിരിച്ച് ആ ചോദ്യത്തിനു ഉത്തരം നൽകുവാനാണ് എനിക്കിഷ്ടം. ലോകത്തിൽ കാണുന്ന ഇത്രയും നന്മകൾക്ക് അവർ എങ്ങനെ കണക്കു പറയും? സ്നേഹത്തിന്റെയും, നിസ്വാർത്ഥതയുടെയും ത്യാഗമനോഭാവത്തിന്റെയും ഉച്ചസ്ഥായിയിൽ ... എങ്ങനെ മനുഷ്യനു ഉയരുവാൻ കഴിയുന്നു? മനുഷ്യൻ തന്റെ സ്നേഹിതനുവേണ്ടി എന്തിനു ജീവനെ വെച്ചുകൊടുക്കണം? തന്റെ ക്ഷേമം അവൻ എന്തുകൊണ്ട് മറ്റുള്ളവർക്കായി വെച്ചുകൊടുത്ത് ത്യാഗം അനുഷ്ഠിക്കണം? തങ്ങളെക്കാൾ വലിയ ആശയഗതിക്കുവേണ്ടി സ്വയം രക്തസാക്ഷികളായ നായകന്മാരെക്കൊണ്ടു മനുഷ്യ ചരിത്രം ഇത്രയധികം നിറയുവാൻ കാരണമെന്ത്?
>
> നാം മനുഷ്യവർഗ്ഗത്തിന്റെ ഗുണങ്ങളെ മതിക്കുകയും അതിന് ബദലായുള്ളതിനെ അവമതിക്കുകയും ചെയ്യുന്നു. തേളിനോ ചിലന്തിക്കോ അപ്പുറമായി മനുഷ്യവർഗ്ഗത്തിന് യാതൊരു ഗുണങ്ങളും ഇല്ലെന്നു കരുതുന്നതു എന്തുകൊണ്ടാണ്? മനുഷ്യന്റെ അപൂർണ്ണതയെക്കാൾ ദൈവത്തിന്റെ നന്മയെ കണ്ടുകൊണ്ട് അതിൽ സന്തോഷിക്കുവാനാണ് കാരണം അധികവും.

അത് സത്യമല്ലേ? നാം അതിശയിക്കത്തക്ക ധാരാളം നന്മകൾ ലോകത്തിലില്ലേ? വാസ്തവത്തിൽ, കഷ്ടതകൾ തിരിച്ചറിയുവാൻ നമ്മെ സഹായിക്കുന്ന ഏക വസ്തുത നമ്മുടെ ജീവിതത്തിൽ ധാരാളം അനുഗ്രഹങ്ങൾ അനുഭവിക്കുന്നതുകൊണ്ടാണ്! നിങ്ങൾ വെളിച്ചത്തെ അറിഞ്ഞിട്ടില്ല എങ്കിൽ ഇരുട്ടിനെ ഇരുട്ടായി തിരിച്ചറിയാൻ നിങ്ങൾക്ക് കഴിയുകയില്ല. നിങ്ങളുടെ ജീവിതത്തിൽ വേദന മാത്രമാണ് ഉള്ളതെങ്കിൽ വേദനയെ വേദനയായി നിങ്ങൾക്ക് ബോധ്യപ്പെടുകയില്ല. നിങ്ങൾക്ക് ഒരിക്കലും ആരോഗ്യം അനുഭവപ്പെട്ടില്ല എങ്കിൽ രോഗത്തെ നിങ്ങൾക്ക് ബോധ്യപ്പെടുകയില്ല. വാസ്തവത്തിൽ, നാം കഷ്ടതയെ കുറിച്ചു പരാതിപ്പെടുവാനുള്ള *കാരണം* നാം സമൃദ്ധമായി അനുഗ്രഹിക്കപ്പെട്ടിരിക്കുന്നതു കൊണ്ടു മാത്രമാണ്

ചോദ്യം ഇതാണ്: ഈ അനുഗ്രഹങ്ങൾ എല്ലാം എവിടെനിന്നു വന്നു? യാദൃശ്ചികമായോ, അതോ അർത്ഥശൂന്യമായ പ്രപഞ്ചത്തിൽ നിന്നോ? ഒരിക്കലുമല്ല! അവ ദൈവത്തിൽ നിന്ന് തന്നെയാണ് വന്നത്! ക്രിസ്ത്യാനികൾക്കു കഴിയുന്നതിനെക്കാൾ കൂടുതൽ പരിഹാര രഹിതമായ പ്രശ്നങ്ങളാൽ വിഷമിക്കുകയാണ് നിരീശ്വരവാദികൾ. അവൻ നമ്മോടു ചോദിക്കുന്നു, *"ദൈവം*

*ഉണ്ടെങ്കിൽ, പിന്നെ എന്തുകൊണ്ട് ലോകത്തിൽ ഇത്രയും കഷ്ടതകൾ?"* നാം അവനോടു ചോദിക്കുന്നു, ''*ദൈവമില്ലെങ്കിൽ, പിന്നെ എന്തുകൊണ്ട് ഇത്രയും അനുഗ്രഹങ്ങൾ? വാസ്തവത്തിൽ, എന്തുകൊണ്ട് ലോകത്തിൽ ഒട്ടും നന്മ ഇല്ലാതിരിക്കുന്നു?"*

തീർച്ചയായും, നാം പരിഗണിക്കുന്ന ചോദ്യത്തിന് അന്തിമമായ ഉത്തരം ഒരു ക്രിസ്ത്യാനിക്കുണ്ട്: ഇപ്പോൾ നമുക്ക് അറിയില്ലായിരിക്കാം, എന്നാൽ ക്രമേണ നാം അറിയും. *ഒരു ദിവസം നമുക്കു മനസ്സിലാകും!* ദൈവത്തിന് ഏറ്റവും നന്നായി അറിയാമെന്ന് നാം വിശ്വസിക്കുന്നു. തന്റെ നാമം നിമിത്തമുള്ള അന്തിമമായ നന്മക്കു അവൻ എല്ലാം പ്രവർത്തിക്കുമെന്ന് നാം വിശ്വസിക്കുന്നു (റോമർ 8:28). ജീവിതത്തിലെ നന്മയും തിന്മയും വിശ്വാസത്താൽ നമുക്കു സഹിക്കുവാൻ കഴിയും.

**ഉപസംഹാരം**

ജീവിതത്തിൽ പരീക്ഷണവും, നിരാശയും, കഷ്ടതയും നേരിടുമ്പോൾ ക്രിസ്ത്യാനിയുടെ വിശ്വാസം അവനെ ബലപ്പെടുത്തുന്നു. നിങ്ങളുടെ വിശ്വാസ കുറവ് നിങ്ങൾക്ക് എന്താണ് ചെയ്തിട്ടുള്ളത്? സംശയം നിങ്ങളെ നിലനിർത്തിയിട്ടുണ്ടോ? ജീവിതത്തിലെ കുഴപ്പങ്ങൾക്കിടയിൽ കൂടുതൽ സമൃദ്ധിയോടും വിജയത്തോടും ജീവിക്കുവാൻ അവിശ്വാസം നിങ്ങളെ പ്രാപ്തനാക്കിയിട്ടുണ്ടോ?

ഉപേക്ഷിക്കേണ്ടത് ഉപേക്ഷിക്കുവാനും, സ്വീകരിക്കേണ്ടത് സ്വീകരിപ്പാനും, നിങ്ങളെ ദൈവത്തിന് ഏൽപ്പിക്കുവാനും സമയമായില്ലേ? നിങ്ങളുടെ വിശ്വാസവും അനുസരണവും അവനിൽ ഭരമേൽപിക്കുക, നിങ്ങളെ കുറിച്ചു അവൻ കരുതിക്കൊള്ളും. അങ്ങനെയായാൽ നിങ്ങളുടെ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം അവൻ നന്മക്കായി മാറ്റും ... അതായത്, നിങ്ങൾ എന്തു കഷ്ടം സഹിക്കേണ്ടിവന്നാലും, നിങ്ങൾക്ക് എന്നേക്കുമുള്ള ജീവിതത്തിൽ അവനോടൊപ്പം ഒരു ഭവനം ലഭിക്കുകയും ... ഒരു ദിവസം അവൻ എല്ലാം വ്യക്തമാക്കി തരുകയും ചെയ്യും!